LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കട്ടനാട്ടിലെ കൈനകരി മുട്ടേൽ പാലത്തിന് 2010-ൽ 680 ലക്ഷം രൂപയുള്ള ഭരണാനുമതി നൽകിയെങ്കിലും തുടർനടപടികൾ സ്വീകരിച്ചില്ല. പുതുക്കിയ ഭരണാനുമതിക്കായി എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

(ബി) പ്രസ്തുത പാലത്തിന്റെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നതേയുള്ളൂ.

(സി) പ്രസ്തുത പാലത്തിന്റെ ബാലൻസ് വർക്ക് ടെണ്ടർ ചെയ്തെങ്കിലും കരാറുകാർ ആരും പങ്കെടുത്തില്ല. റീ ടെണ്ടർ ചെയ്തിട്ടുണ്ട്.

(ഡി) പാലത്തിന്റെ പ്രവൃത്തികൾ പുരോഗമിച്ചു വരുകയാണ്. പുതുക്കിയ ഭരണാനുമതിയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

റോഡ് വികസന പദ്ധതി

248(3134) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :

ശ്രീമതി കെ. കെ. ലതിക :

ശ്രീമതി പി. അയിഷാ പോറ്റി :

ശ്രീ. സി. കെ സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ റോഡ് വികസന പദ്ധതിക്ക് കേന്ദ്രസർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ ;

(ബി) ഏതെല്ലാം പുതിയ റോഡുകളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; ഇവ ഓരോന്നും എത്ര വർഷത്തിനകം പൂർത്തിയാക്കുമെന്ന് വിശദമാക്കാമോ ;

(സി) സംസ്ഥാന സർക്കാർ സമർപ്പിച്ച ഏത് പദ്ധതി അംഗീകരിച്ചു കൊണ്ടാണ് കേന്ദ്രസർക്കാരിന്റെ അനുമതി ലഭ്യമായിട്ടുള്ളത് ; ഇതിനായി എത്ര തുകയാണ് കേന്ദ്രം അനുവദിച്ചിട്ടുള്ളത് ; ഇതിനകം ലഭ്യമായ തുകയെത്രയാണ്?

ഉത്തരം

(എ) ഇല്ല.

(ബി) സംസ്ഥാന റോഡ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ റോഡുകളുടെ വിവരം താഴെ ചേർക്കുന്നു:

പാക്കേജ് 'എ' :

വിദ്യാനഗർ-മായിപ്പാടി-സീതാംഗോളിറോഡ്-കാസർഗോഡ് ജില്ല

ഉപ്പള-കനിയന റോഡ് - കാസർഗോഡ് ജില്ല

പാക്കേജ് 'ബി' :

കാഞ്ഞിരപ്പള്ളി-കാഞ്ഞിരംകവല റോഡ് - കോട്ടയം ജില്ല

വെള്ളനാട്-ചെറ്റച്ചൽ റോഡ് - തിരുവനന്തപുരം ജില്ല

ഈ റോഡുകൾ പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ ദേശീയ നിലവാരത്തിൽ നവീകരിക്കുന്നതിനും ശേഷം 13 വർഷം ദേശീയ നിലവാരത്തിൽ തന്നെ പരിപാലിക്കുന്നതിനുമാണ് ഉദ്ദേശിച്ചിട്ടുള്ളത്. പാക്കേജ് 'എ'-യിൽ ഉൾപ്പെട്ട റോഡുകൾക്ക് 17-12-2015-ന് അവസാന തീയതി വച്ച് ടെണ്ടർ ക്ഷണിച്ചിരിക്കുകയാണ്.

(സി) ബാധകമല്ല.

റോഡു നിർമ്മാണത്തിൽ പ്ലാസ്റ്റിക് ഉൾപ്പെടുത്തുന്നത്

249(3135) ശ്രീ. കെ. എൻ. എ.ഖാദർ :

ശ്രീ. വി. എം .ഉമ്മർ മാസ്റ്റർ :

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദേശീയപാതകൾ ഉൾപ്പെടെയുള്ള റോഡുകളുടെ ഗുണനിലവാരം ഉയർത്താൻ നിർമ്മാണ രീതിയിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) റോഡു നിർമ്മാണത്തിൽ പ്ലാസ്റ്റിക് കൂടി നിർബന്ധമായി ഉൾപ്പെടുത്താനുള്ള നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ റോഡു നിർമ്മാണത്തിനാവശ്യമായ പ്ലാസ്റ്റിക് ലഭ്യമാക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്.

(സി) റോഡ് നിർമ്മാണത്തിനാവശ്യമായ പ്ലാസ്റ്റിക് ശുദ്ധീകരിച്ച് കഷ്ണങ്ങളാക്കി ശേഖരിച്ചു നൽകുന്നതിന് Clean Kerala Company Limited തയ്യാറാണ് എന്നറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly